(സി) നടപടിക്രമങ്ങൾ പ്രകാരം നിരവധി തവണ നിർദ്ദേശിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ കരാറുടമ്പടി റദ്ദുചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ നീ-ടെണ്ടർ ചെയ്തിട്ടും കാരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. നീ-ടെണ്ടറിൽ പങ്കെടുത്ത് ഏതെങ്കിലും കാരാറുകാർ പ്രവൃത്തി ഏറ്റെടുത്ത് കരാറുടമ്പടി ഒപ്പുവയ്ക്കുന്ന മുറയ്ക്ക് തുടർന്നുള്ള ഒരു വർഷക്കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും.

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി

33 (2999) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത് വ്യക്തമാക്കാമോ ;

(ബി) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പദ്ധതി പ്രകാരമുള്ള ഏതെല്ലാം റോഡുകളുടെ നിർമ്മാണമാണ് നിലച്ച അവസ്ഥയിലുള്ളത് ; ആയത് പുനരാരംഭിക്കുന്നതിനുള്ള സമയബന്ധിത നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പ്രകാരം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പ്രകാരം ഏറ്റെടുത്ത ഒരു പ്രവൃത്തിയും മുടങ്ങിക്കിടക്കുന്നില്ല.

ഐ.എ.വൈ. പദ്ധതി

34 (3000) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ വർഷവും എത്ര വീടുകൾ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly